# SAMAGRA PLUS

## വാർഷിക മൂല്യനിർണയം 2024-25

## മാതൃകാ ചോദ്യങ്ങൾ

### മലയാളം(കേരള പാഠാവലി)

**സമയം :2 മണിക്കൂർ** **ക്ലാസ്സ് : V**

**നിർദേശങ്ങൾ**

➔ മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.

➔ ആകെ 6 പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്.ആദ്യത്തെ പ്രവർത്തനം നിർബന്ധമായും ചെയ്യണം . ബാക്കിയുള്ള അഞ്ചു പ്രവർത്തനങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.

➔

**പ്രവർത്തനം 1- വായിക്കാം എഴുതാം**

താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്കുത്തരമെഴുതുക

**സമ്മാനം**

ഡിസംബറിലെ മഞ്ഞുപെയ്യുന്ന ഒരു ദിവസമായിരുന്നു അത്. നാളെയാണ് ക്രിസ്തുമസ്. പടക്കം പൊട്ടിച്ചും കളികളിലേർപ്പെട്ടും കുട്ടികൾ ആ തെരുവിനെ ശബ്ദമുഖരിതമാക്കി. എല്ലാ വീടുകൾക്കും മുമ്പിലും നക്ഷത്രവിളക്കുകൾ തൂക്കിയിട്ടുണ്ടായിരുന്നു. ശാന്തിദൂതനായ ഉണ്ണിയേശുവിനെ വരവേൽക്കാൻ ആ തെരുവിലെ വീടുകളെല്ലാം ആഹ്ലാദപൂർവ്വം തയ്യാറെടുക്കുകയായിരുന്നു. ഒരു വീട് ഒഴികെ. ജിമ്മിന്റെയും ഡെല്ലയുടെയും വാടകവീടായിരുന്നു ഇത്. ഒരു ദരിദ്ര ഭവനം. വളരെ ബുദ്ധിമുട്ടിയാണ് ജിമ്മും ഡെല്ലയും ജീവിതം മുന്നോട്ടു നീക്കിയിരുന്നത്. എങ്കിലും ഡെല്ല ചെലവ് ചുരുക്കി മിച്ചം വരുന്ന നാണയത്തുട്ടുകൾ ഒരു കുടുക്കയിൽ ഇട്ട് വയ്ക്കുമായിരുന്നു. ഉറുമ്പുകൾ അരിമണി കൂട്ടി വെയ്ക്കുംപോലെയായിരുന്നു അത്. കുടുക്കയിലെ പണം കൊണ്ട് തന്റെ പ്രിയപ്പെട്ട ജിമ്മിന് ക്രിസ്തുമസ് സമ്മാനം വാങ്ങണമെന്നതായിരുന്നു ഡെല്ലയുടെ ആഗ്രഹം. ജിമ്മിന് ക്രിസ്തുമസ് സമ്മാനം വാങ്ങാൻ അവൾ ആ കുടുക്ക പൊട്ടിച്ചു. പക്ഷേ സമ്മാനം വാങ്ങാനുള്ള പണം അതിൽ ഇല്ലായിരുന്നു. അവളുടെ കണ്ണുകൾ നിറഞ്ഞു.

**ഒ. ഹെന്റി**

1. ഏത് ആഘോഷത്തെക്കുറിച്ചാണ് കഥയിൽ പറയുന്നത്?
   (വിഷു, ഓണം, ക്രിസ്തുമസ്)
2. ഡെല്ലയുടെ ആഗ്രഹം എന്തായിരുന്നു ?
   (വീടു വയ്ക്കണം, ജിമ്മിന് ക്രിസ്തുമസ് സമ്മാനം വാങ്ങണം, അടുത്തുള്ള സ്ഥലങ്ങൾ സന്ദർശിക്കണം)
3. ഡെല്ലയുടെ കണ്ണ് നിറയാനുള്ള കാരണമെന്ത്?
   (ധാരാളം പണം കിട്ടിയതുകൊണ്ട്, സമ്മാനം വാങ്ങാൻ പണം തികയാത്തതുകൊണ്ട്, അതിഥികൾ വരാത്തതുകൊണ്ട്)
4. ജിമ്മിന്റെയും ഡെല്ലയുടെയും ജീവിത സാഹചര്യം എങ്ങനെ ഉള്ളതായിരുന്നു ?
   (ആഡംബരം നിറഞ്ഞത്, ദാരിദ്ര്യം നിറഞ്ഞത്, സന്തോഷം നിറഞ്ഞത്)
5. "മഞ്ഞ് " എന്ന പദത്തിന് പകരം പദം എഴുതുക?
   (ദിനം, ഹിമം, നീരദം)

### പ്രവർത്തനം 2- താരതമ്യക്കുറിപ്പ് തയ്യാറാക്കാം

**അമ്മ**

ഒരു നിലവിളക്കുപോലകതാരിലെപ്പോഴും
തെളിയുന്നൊരോർമ്മയാണമ്മ
ഒരു കണിക്കൊന്നപോൽ ഓർമ്മതൻ ചില്ലയിൽ
പുഞ്ചിരി പൊഴിക്കയാണമ്മ
നന്മയുടെ പാഠങ്ങൾ ചൊല്ലിപ്പഠിപ്പിച്ച
ഗുരുനാഥയാണെനിക്കമ്മ
കുസൃതികൾക്കെപ്പോഴും പരിധികൾ വരച്ചിട്ട
കാവലാളായിരുന്നമ്മ
പാദങ്ങളിടറാതെ ഇരുൾ വഴികൾ പിന്നിടാൻ
വഴിവിളക്കാണെന്നുമമ്മ
ജീവിതപ്പാതയിൽ വെയിലേറ്റുവാടവേ
സാന്ത്വനത്തണലെന്റെയമ്മ


-അരുൺ കെ പി-

A. മുകളിൽ കൊടുത്ത "അമ്മ" എന്ന കവിതയും പൊൻകുന്നം വർക്കിയുടെ "എന്റെ അമ്മ" എന്ന പാഠഭാഗവും താരതമ്യപ്പെടുത്തി കുറിപ്പ് തയ്യാറാക്കുക

B. എന്റെ മാതാവിൽ നിന്നുപോലും ലാളനയുടെ <u>സ്നിഗ്ദ്ധ ഭാവങ്ങൾ</u> ഞങ്ങൾക്ക് ലഭിച്ചിട്ടില്ല. അടിവരയിട്ട് പദത്തിന്റെ പകരം പദം കണ്ടെത്തുക

(സ്നേഹം നിറഞ്ഞ ഭാവം, സന്തോഷം നിറഞ്ഞ ഭാവം, സങ്കടം നിറഞ്ഞ ഭാവം)

### പ്രവർത്തനം 3- കഥാപാത്ര നിരൂപണം തയ്യാറാക്കാം




A. "ഡാലിയമ്മൂമ്മയുടെ പുഴ" എന്ന കഥ ഓർക്കുന്നില്ലേ? ഈ കഥയിലെ കേന്ദ്രകഥാപാത്രമായ ഡാലിയമ്മൂമ്മയെ ക്കുറിച്ച് കഥാപാത്രനിരൂപണം തയ്യാറാക്കുക (മുകളിൽകൊടുത്ത സൂചനകൾ ഉപയോഗിക്കാം)

B. "പാവം തള്ളയില്ലാപ്പിള്ള" -ഡാലിയമ്മൂമ്മ ആരെക്കുറിച്ചാണ് ഇങ്ങനെ പറയുന്നത്?

(കലക്ടർ, പെരുമ്പാമ്പിൻകുഞ്ഞ്, പുഴ)

### പ്രവർത്തനം 4- ഡയറിക്കുറിപ്പ് തയ്യാറാക്കുക

ബന്ധുവായ രോഗിയെ കാണാൻ അച്ഛനും അമ്മയും പോയ തക്കം നോക്കി ലച്ചുവും അനുജൻ ലാലുവും പട്ടം പറത്താനായി പുറത്തേക്കിറങ്ങി. കളിക്കിടയിൽ ഉയർന്നു പറന്ന പട്ടം നൂൽ പൊട്ടി ലച്ചുവിന്റെ കാഴ്ചയിൽ നിന്നും

മറഞ്ഞു. "പാവം പട്ടം" അവൾക്ക് സങ്കടമായി. കൂട്ടിനാരുമില്ലാതെ ആകാശത്തിൽ ഒറ്റയ്ക്ക്.....അവളുടെ കണ്ണുകൾ നിറഞ്ഞു. അമ്മയുടെ വിളി കേട്ട് അവൾ വീട്ടിലേക്ക് തിരികെ വന്നു. പക്ഷേ പട്ടത്തെ കുറിച്ചുള്ള ചിന്തകൾ അവളുടെ മനസ്സിൽ നിന്നും വിട്ടു പോയില്ല. മേശ വലിപ്പ് തുറന്ന് ലച്ചു തന്റെ ഡയറിയെടുത്തു.

A. പട്ടത്തെ കുറിച്ചുള്ള എന്തൊക്കെ ചിന്തകളാവും ലച്ചു ഡയറിയിൽ എഴുതിയിട്ടുണ്ടാവുക?

B. കാറ്റിൻ തുണയാലുയർന്നുയർന്നു
മീതെ പറവയായ് ചേർന്നുനിന്നു
ആരുടെ സഹായത്താലാണ് പട്ടം പറന്നുയർന്നത് ?
(മേഘം, കാറ്റ്, വിമാനം)

## പ്രവർത്തനം 5- ആസ്വാദനക്കുറിപ്പ്

താഴെ കൊടുത്ത കവിത വായിക്കൂ. കവിതയുടെ ആശയം , കവിത നൽകുന്ന സന്ദേശം , പദ പ്രയോഗ ഭംഗി ഇവ വിശകലനം ചെയ്ത് ആസ്വാദന കുറിപ്പ് തയാറാക്കുക

**പേ പിടിച്ച്**

ലോറിയുണ്ട് റോഡിലൂടെ
കുന്നിടിച്ചു പോണ്
ലോറിയുണ്ട് റോഡിലൂടെ
പുഴ നിറച്ച് പോണ്
ലോറിയുണ്ട് റോഡിലൂടെ
കാടുവെട്ടി പോണ്
നാട്ടുകാരോ റോഡിലൂടെ
പേപിടിച്ച് പോണ്!

**രാധാകൃഷ്ണൻ എടച്ചേരി**

* (പേ പിടിച്ച്=ഭ്രാന്തു പിടിച്ച്)

## പ്രവർത്തനം 6- അനുഭവക്കുറിപ്പ് തയ്യാറാക്കുക

നനഞ്ഞൊലിച്ചുകൊണ്ടുള്ള ഓട്ടങ്ങളുടെ ഓർമ്മകളാണ് ബാല്യകാലത്തെ മഴക്കാലം. ഇടവഴികളിലൂടെ സ്കൂളിലേക്കും വൈകുന്നേരം സ്കൂളിൽ നിന്ന് തിരിച്ചുമുള്ള സഞ്ചാരങ്ങളിൽ കൂട കൂട്ട് ഉണ്ടായിരുന്നില്ല.....ചരിഞ്ഞു പെയ്യുന്ന മഴയിൽ കുടയില്ലായ്മയുടെ യാത്രാ ദൂരങ്ങൾ മഴകൊണ്ടു തന്നെ ഓടിയളന്ന കാലം. അതേ തണുപ്പോടെ നനഞ്ഞൊട്ടി കൂനി വിറച്ച് നിൽപ്പുണ്ട് ഇപ്പോഴും മനസ്സിന്റെ ഇറയത്ത്...

A. അർഷദ് ബത്തേരിയുടെ മഴയനുഭവം നിങ്ങൾ വായിച്ചില്ലേ? മഴയുടെ എത്രയെത്ര ഓർമ്മ ചിത്രങ്ങളാണ് നമ്മുടെ മനസ്സിലൂടെ കടന്നു പോകുന്നത്? ഒരു മഴയനുഭവത്തെക്കുറിച്ച് എഴുതി നോക്കൂ.....

B. വെള്ളിതൻ നേർത്ത കമ്പികൾ പോലെ
മെല്ലെ മെല്ലെ മഴ പൊഴിയുന്നു
മഴ പൊഴിയുന്നത് എങ്ങനെയാണെന്നാണ് കവി പറയുന്നത്?
(തുള്ളിക്കൊരുകുടം എന്നപോലെ, വെള്ളിയുടെ നേർത്ത കമ്പികൾ പോലെ, കാറ്റിൽ നൃത്തം വച്ചുകൊണ്ട്)

# SAMAGRA **PLUS**

**അർധവാർഷിക മൂല്യനിർണയം 2024**

**കേരളപാഠാവലി-മലയാളം**

**സമയം :2 മണിക്കൂർ** **ക്ളാസ്സ് : V**

| ചോദ്യനമ്പർ | ഉത്തര സൂചിക | സ്കോർ | ആകെ |
|---|---|---|---|
| 1 | ക്രിസ്തുമസ് | 1 | 1 |
| | ജിമ്മിന് ക്രിസ്തുമസ് സമ്മാനം വാങ്ങണം | 1 | 1 |
| | നക്ഷത്രവിളക്കുകൾ | 1 | 1 |
| | ദാരിദ്ര്യം നിറഞ്ഞത് | 1 | 1 |
| | ഹിമം | 1 | 1 |
| 2 | രണ്ട് രചനകളിലെയും പ്രധാന കഥാപാത്രത്തെ അവതരിപ്പിച്ചിട്ടുണ്ട്<br>സംഭവങ്ങൾ,സ്വഭാവ സവിശേഷതകൾ എന്നിവ താരതമ്യം ചെയ്തിട്ടുണ്ട്<br>സ്വന്തം കണ്ടെത്തലുകളും അഭിപ്രായങ്ങളും യുക്തിപൂർവ്വം അവതരിപ്പിച്ചിട്ടുണ്ട്<br>വാക്യഘടന, ചിഹ്നനം എന്നിവ പാലിച്ച് അക്ഷര തെറ്റില്ലാതെ എഴുതിയിട്ടുണ്ട്<br>സ്നേഹം നിറഞ്ഞ ഭാവം | 1<br>1<br>1<br>1<br>1 | 5 |
| 3 | പരമാവധി സവിശേഷതകൾ മാതൃസ്നേഹം പ്രതിഫലിക്കുന്ന സന്ദർഭങ്ങൾ അനുയോജ്യമായി ഉൾപ്പെടുത്തിയിട്ടുണ്ട്<br>തലക്കെട്ട്<br>സ്വന്തം നിരീക്ഷണം<br>പെരുമ്പാമ്പിൻകുഞ്ഞ് | 1<br>1<br>1<br>1<br>1 | 5 |
| 4 | വൈകാരികമായി ആവിഷ്കരിച്ചിട്ടുണ്ട്<br>ഡയറിക്കുറിപ്പിന്റെ ഘടന പാലിച്ചിട്ടുണ്ട്.<br>സംക്ഷിപ്തത,ആശയ ക്രമീകരണം എന്നിവ പാലിച്ചിട്ടുണ്ട്<br>അനുയോജ്യമായ ഭാഷ ഉപയോഗിച്ചിട്ടുണ്ട് | 1<br>1<br>1<br>1 | 5 |

SAMAGRA

| | | | |
|---|---|---|---|
| | കാറ്റ് | 1 | |
| 5 | കവിതയിലെ ആശയങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്<br>സ്വന്തം നിരീക്ഷണം അവതരിപ്പിച്ചിട്ടുണ്ട്<br>സവിശേഷപ്രയോഗം, പദഭംഗി എന്നിവ കണ്ടെത്തിയിട്ടുണ്ട്<br>അനുയോജ്യമായ ഭാഷ ഉപയോഗിച്ചിട്ടുണ്ട്<br>വാക്യഘടന, ചിഹ്നനം എന്നിവ പാലിച്ച് എഴുതിയിട്ടുണ്ട് | 1<br>1<br>1<br>1<br>1 | 5 |
| 6 | അനുഭവങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്<br>വൈകാരികമായി ആവിഷ്കരിച്ചിട്ടുണ്ട്<br>അനുയോജ്യമായ ഭാഷ<br>മൗലികത സ്വീകരിച്ചിട്ടുണ്ട്<br>വെള്ളിയുടെ നേർത്ത കമ്പികൾ പോലെ | 1<br>1<br>1<br>1<br>1 | 5 |